# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 5911 28/10/2011 ൽ മറുപടിക്ക്

### കെ.ഇ.പി.എ, പി.ടി.സി. എന്നീ ട്രെയിനിംഗുകാരുടെ വിശദാംശം

**ചോദ്യം** **മറുപടി**

ശ്രീ. കെ.വി.വിജയദാസ്: ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ) കെ.ഇ.പി.എ, പി.ടി.സി. എന്നിവിടങ്ങളിലായി കഴിഞ്ഞ അഞ്ചുവർഷക്കാലം എത്ര പരിശീലന ക്ലാസുകൾ നടത്തിയിട്ടുണ്ട്. | (എ) കേരള പോലീസ് അക്കാഡമിയിൽ (കെ.ഇ.പി.എ) കഴിഞ്ഞ 5 വർഷ കാലയളവിൽ 103 അടിസ്ഥാന പരിശീലന കോഴ്സുകളും 335 ഹ്രസ്വകാല കോഴ്സുകളും നടത്തിയിട്ടുണ്ട്. ഇതേ കാലയളവിൽ പോലീസ് ട്രെയിനിംഗ് കോളേജിൽ ഐ.എം.ജിയുടെ സാമ്പത്തിക സഹായത്തോടുകൂടി 18 കോഴ്സുകൾ നടത്തിയിട്ടുള്ളതും കൂടാതെ പി.റ്റി.സി. നടത്തിയ 24 കോഴ്സുകളും ഇന്റലിജൻസ് ബ്യൂറോ നടത്തിയ 8 കോഴ്സുകളും 4 മറ്റ് കോഴ്സുകളും നടത്തിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ഈ പരിശീലകസ്ഥാപനങ്ങളുടെ പുരോഗതി വിവരം നൽകുമോ; | (ബി) പോലീസ് ട്രെയിനിംഗ് കോളേജിൽ 500 പോലീസ് ഉദ്യോഗസ്ഥർക്ക് താമസിക്കാൻ കഴിയുന്ന ഡോർമിറ്ററിയുടെ ശിലാസ്ഥാപനം ബഹു: മുഖ്യമന്ത്രി നിർവഹിച്ചിട്ടുള്ളതും ഈ പോലീസ് ട്രെയിനിംഗ് കോളേജിന്റെ ബഹുനില |

| | |
|---|---|
| | മന്ദിര നിർമ്മാണം പുരോഗമിച്ച് വരികയു മാണ്. കേരള പോലീസ് അക്കാഡമിയിൽ നിലവിലുണ്ടായിരുന്ന സംവിധാനത്തിൽ തന്നെ കാര്യക്ഷമായി പരിശീലന പരിപാടികൾ നടത്തി വരുന്നു. |
| (സി) ഇപ്രകാരമുള്ള അക്കാദമികളിൽ ക്ളാസ്സെടുക്കുന്ന അദ്ധ്യാപകരുടെ നിയമനരീതിയും യോഗ്യതയും വെളിപ്പെടുത്തുമോ; | (സി) പരിശീലനാർത്ഥം ക്ളാസുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരമായി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. എന്നാൽ കേരള പോലീസ് അക്കാഡമിയിലും പി.റ്റി.സി.യിലും സീനിയർ ലോ ഇൻസ്ട്രക്ടർ, ക്രിമിനോളജിസ്റ്റ്, സയിൻറിഫിക് അസിസ്റ്റന്റ്, ഫിങ്കർ പ്രിന്റ് എക്സ്പെർട്ട്സ്, കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ എന്നീ തസ്തികകൾ കേരള പോലീസിൽ സർവ്വീസിൽ ഉള്ള ഉദ്യോഗസ്ഥരെയും ഇതര വിഷയങ്ങളിൽ നൈപുണ്യം തെളിയിച്ച സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരേയും പ്രഗൽഭ നിയമജ്ഞർ, കോളേജ് പ്രൊഫസർമാർ, ഫോറൻസിക് മെഡിസിൻ ഡോക്ടർ എന്നിവരെ ഗസ്റ്റ് ഫാക്കൽറ്റീസായും ഉപയോഗപ്പെടുത്തി ക്ളാസുകൾ നൽകി വരുന്നു. |
| (ഡി) ഈ സ്ഥാപനങ്ങളിലെ ഡി.എം.യു മാരുടെ യോഗ്യത നിശ്ചയിക്കപെട്ടിട്ടുണ്ടോ? | (ഡി) ഈ രണ്ട് സ്ഥാപനങ്ങളിലും ഡി.എം.യു.മാരെ നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ